**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 485** **08-06-2021 - ൽ മറുപടിയ്ക്ക്**

**മരിച്ചവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തികൾ മരിച്ചാൽ വായ്പ, പിഴപ്പലിശ, പലിശ എന്നിവയിൽ എന്തൊക്കെ ഇളവുകളാണ് ഇപ്പോൾ നൽകി വരുന്നതെന്നു വിശദമാക്കുമോ; | (എ) | സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത ശേഷം മരണപ്പെടുന്ന അംഗത്തിന് റിസ്ക്ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പയിൽ മുതൽ തുക, 2,00,000/- രൂപ ഇതിൽ ഏതാണോ കുറവ് ആ തുക റിസ്ക്ഫണ്ടിൽ നിന്നും അനുവദിച്ച് വരുന്നു. 20/09/2019 ന് മുമ്പ് എടുത്തിട്ടുള്ള വായ്പകളിൽ ടി തുക 1,50,000/-രൂപയും വായ്പയിൽ ഏറ്റവും ഒടുവിലായി വായ്പക്കാരൻ തുക ഒടുക്കിയ തീയതി മുതൽ മരണപ്പെടുന്ന തീയതി വരെയുള്ള പലിശയും (വായ്പ അനുവദിച്ചപ്പോഴുള്ള പലിശ നിരക്ക്) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിക്കുന്നതാണ്. പിഴപ്പലിശ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ബാങ്ക്/സംഘത്തിന് സഹകരണ സംഘം രജിസ്ട്രാർ രേഖാമൂലം നിർദ്ദേശം നൽകാറുണ്ട്. |
| (ബി) | മാരക രോഗങ്ങൾ ബാധിച്ച് മരിക്കുന്നവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാറില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനും അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ